# കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ
ചോദ്യം നം. *111

20/03/2012-ൽ മറുപടിയ്ക്ക്

## ഐ. ഐ. റ്റി. സ്ഥാപിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി.<br>ശ്രീ. പി. ബി. അബ്ദുൾ റസാക്ക്.** | **ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഒരു ഐ.ഐ.റ്റി. സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ ; | (എ) പരിഗണനയിലുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ചർച്ച നടത്തുകയുണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) കേന്ദ്ര മാനവശേഷി വകുപ്പ് സഹമന്ത്രിയുമായി ബഹു. മുഖ്യമന്ത്രിയുടെയും ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ 22/09/2011-ൽ നടത്തിയ ചർച്ചയിൽ 2012-ൽ ആരംഭിക്കുന്ന 12-)o പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിൽ ഒരു ഐ.ഐ.ടി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് എവിടെയാണ് ഐ.ഐ.ടി. സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (സി) പാലക്കാട് ജില്ലയിലെ പടിഞ്ഞാറെ പുതുശ്ശേരി വില്ലേജിലാണ് ഐ.ഐ.ടി. സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. 237.04 ഏക്കർ ഇതിനായി ഏറ്റെടുത്തു കഴിഞ്ഞു. കൂടാതെ 273. 22 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു |
| (ഡി) ഇപ്പോൾ നിലവിലുള്ള ഏതെങ്കിലും സ്ഥാപനത്തെ ഐ.ഐ.ടിയായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഏതു സ്ഥാപനത്തെയാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ? | (ഡി) നിലവിലുള്ള ഒരു സ്ഥാപനത്തെയും ഐ.ഐ.ടിയായി ഉയർത്തുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ